# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2294 — 18-12.2012 ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ ജോയിന്റ് രജിസ്ട്രാർമാരുടെ യോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. സുരേഷ്കുറുപ്പ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വകുപ്പ് മന്ത്രി, ജോയിന്റ് രജിസ്ട്രാർമാരുടെ യോഗം തൃശ്ശൂർ ജില്ലാ ബാങ്ക് ഹാളിൽ വിളിച്ചു ചേർക്കുകയുണ്ടായോ ; | (എ) ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർമാരുടെ പ്രവർത്തി അവലോകന യോഗം നിശ്ചിത കാലയളവിൽ കൂടാറുണ്ട്. അതിന്റെ ഭാഗമായി 26/11/12 ൽ യോഗം ചേരുകയുണ്ടായി. |
| (ബി) പ്രസ്തുത യോഗം എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനം എടുക്കുകയുണ്ടായി ; യോഗ നടപടിക്കുറിപ്പിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ; | (ബി) സഹകരണ വകുപ്പിന്റെ പദ്ധതി തുക വിനിയോഗം, ഫയൽ തീർപ്പാക്കൽ പുരോഗതി, മറ്റ് പൊതുവായ പ്രവർത്തനങ്ങൾ എന്നീ കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. യോഗ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത കാര്യങ്ങൾ എന്തൊക്കെയായിരുന്നു; ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകിയ നിർദ്ദേശങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ? | (സി) ജില്ലാ സഹകരണ ബാങ്കുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പൊതുയോഗം യഥാസമയം തന്നെ വിളിച്ചു കൂട്ടി ആവശ്യമായ നടപടികൾ നിയമാനുസരണം സമയ ബന്ധിതമായി കൈക്കൊള്ളുന്നതിന് ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

## *26..11..2012–ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെയും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാരുടെയും പദ്ധതി അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്*

***സ്ഥലം : തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ കോൺഫറൻസ് ഹാൾ***

യോഗം ഉച്ചയ്ക്ക് 2.30 മണിക്ക് ആരംഭിച്ചു. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗ നടപടികൾ ആരംഭിച്ചു. സഹകരണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയും യോഗത്തിൽ സന്നിഹിതനായിരുന്നു. അവലോകന യോഗം വിളിച്ചു ചേർത്തതിന്റെ ആവശ്യകത ആമുഖമായി സഹകരണ സംഘം രജിസ്ട്രാർ വിശദീകരിച്ചു.

തുടർന്ന് സംസാരിച്ച, ബഹുമാനപ്പെട്ട സഹകരണവകുപ്പ് മന്ത്രി, സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ 2011–12 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ടെന്നും എന്നാൽ 2012–13–ലെ ഒക്ടോബർ മാസത്തെ പുരോഗതി വെറും 6.22% മാത്രമാണെന്നും ആയതിനാൽ പദ്ധതി വിഹിതം 2012 ഡിസംബർ മാസത്തിനുള്ളിൽ തന്നെ പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളണമെന്നും നിർദ്ദേശിച്ചു.

സഹകരണവകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിക്കേണ്ട പ്രൊപ്പോസലുകൾ പ്രവർത്തനക്ഷമതയുള്ളതാണോ എന്ന് വ്യക്തമായി പരിശോധിച്ച് ഡിസംബർ മാസത്തിനുള്ളിൽ തന്നെ സമർപ്പിക്കുന്നതിന് സഹകരണവകുപ്പ് ഗവൺമെന്റ് സെക്രട്ടറി നിർദ്ദേശിച്ചു. .

തുടർന്ന് 09..08..2012–ൽ കൂടിയ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ പ്രവൃത്തി അവലോകന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കിയതിലെ പുരോഗതി ചുവടെ ചേർക്കും പ്രകാരം വിലയിരുത്തി.

## ***ജില്ലാതല അലോട്ട്മെൻറ്***

നീതി സ്റ്റോറുകൾക്കുള്ള ധനസഹായം പൂർണ്ണമായും ഇനിയും ചെലവഴിക്കാത്ത കൊല്ലം, മലപ്പുറം ജില്ലകൾ തൻമാസംതന്നെ ചെലവ് ചെയ്യുന്നതിന് അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) നിർദ്ദേശിച്ചു.

എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനത്തിന് അനുവദച്ചു നൽകിയ തുക ഡിസംബർ മാസംതന്നെ ചെലവഴിക്കണമെന്ന് ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകി.

ജില്ലകളിൽനിന്ന് 2012–13 സാമ്പത്തിക വർഷത്തിൽ ലഭിച്ച പ്ലാൻ പ്രൊപ്പോസലുകൾ സംബന്ധിച്ച കണക്കുകൾ അദ്ദേഹം അവതരിപ്പിച്ചു.

## ***പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ***

**പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക്** ഓഹരി ധനസഹായം അനുവദിക്കുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ ജില്ലകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയെങ്കിലും തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ ലക്ഷ്യം കൈവരിച്ചിട്ടില്ലെന്നും ഈ ജില്ലകളിൽനിന്നും പ്രൊപ്പോസലുകൾ 31..12..2012–ന് മുൻപായി സമർപ്പിക്കണമെന്നും അറിയിച്ചു.

## ***മറ്റുള്ള ധനസഹായ പദ്ധതികൾ***

മറ്റ് ധനസഹായ പദ്ധതികൾ പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിക്കാത്ത ജില്ലകൾ 31..07..2012–നകം സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു വെങ്കിലും നാളിതുവരെ ചുവടെ പറയും പ്രകാരമുള്ള പ്രൊപ്പോസലുകൾ മാത്രമാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിലയിരുത്തി.

| | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്വാശ്രയ സഹകരണ സംഘങ്ങൾ (ഓഹരി) | 2 | 5 | 9 | 6 | 1 | 14 | 2 | 8 | 3 | ... | ... | 18 | ... | 3 |
| 1.4.121–ന് ശേഷം രജിസ്റ്റർ ചെയ്ത സ്വാശ്രയ സഹകരണ സംഘങ്ങൾ സബ്സിഡി | ... | 4 | 1 | 1 | 0 | 6 | 1 | 7 | ... | ... | ... | 2 | ... | ... |
| വനിതാ സഹകരണ സംഘങ്ങൾ (ഓഹരി) | 1 | 7 | 2 | 3 | 6 | 2 | 4 | 2 | 4 | 11 | 7 | ... | 7 | 7 |
| വനിതാ സഹകരണ സംഘങ്ങൾ (ഗ്രാന്റ്) | 3 | 9 | 4 | 1 | 3 | ... | 2 | 5 | ... | 7 | 8 | 1 | 12 | 5 |
| വിപണന ഇടപെടലിനും സംസ്കരണത്തിനും നൽകുന്ന സഹായം | ... | ... | ... | 1 | ... | ... | ... | 1 | 1 | ... | ... | ... | 1 | ... |
| എസ്.സി/എസ്.റ്റി സഹകരണസംഘങ്ങൾ | 27 | 8 | 5 | 3 | 7 | 4 | 4 | 3 | 4 | 3 | 8 | 2 | 5 | 3 |
| എൻ.സി.ഡി.സി. നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ ധനസഹായ (ഓഹരി) | 1 | 2 | 6 | ... | 15 | ... | 3 | ... | 3 | 2 | 7 | ... | ... | ... |
| വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ | ... | ... | ... | ... | ... | ... | ... | ... | ... | ... | 1 | ... | ... | 1 |
| വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമുള്ള ധനസഹായം | ... | ... | ... | ... | ... | | ... | ... | ... | ... | ... | ... | 1 | 1 |
| പുനരുദ്ധാരണം – ധന സഹായം | 1 | 1 | ... | 7 | 1 | 1 | 2 | ... | ... | ... | ... | 1 | 1 | ... |
| മറ്റ് സഹകരണ സംഘങ്ങൾ (മോട്ടോർ ട്രാൻസ്പോർട്ട്/ലേബർ കോൺട്രാക്ട്) | 6 | ... | 10 | ... | ... | ... | 2 | 1 | ... | 2 | 2 (Labour) | ... | ... | 1 |
| കാർഷിക വായ്പാ പ്രോത്സാഹനം | ... | ... | ... | ... | ... | ... | ... | ... | 3 | ... | ... | ... | ... | ... |
| സ്കൂൾ/കോളേജ് | 2 | 3 | 1 | 6 | 19 | 3 | 10 | 3 | ... | 3 | ... | ... | 3 | ... |
| കമ്പ്യൂട്ടറൈസേഷൻ | ... | ... | ... | ... | ... | ... | 6 | ... | ... | ... | ... | ... | ... | ... |
| എൻ.സി.ഡി.സി. റൂറൽ കൺസ്യൂമർ സ്കീം | 2 | 2 | 1 | ... | 2 | 2 | ... | ... | 1 | ... | 4 | ... | ... | ... |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| എൻ.സി.ഡി.സി. പ്രാഥമിക സഹകരണ സംഘങ്ങൾ - ഗോഡൗൺ – ധനസഹായം | 2 | 4 | 1 | 1 | 5 | 1 | 1 | 5 | 5 | ... | 2 | 1 | ... | 5 |
| എൻ.സി.ഡി.സി. പ്രാഥമിക സഹകരണ സംഘങ്ങൾ - മാർജിൻ മണി | ... | ... | 1 | ... | 1 | ... | ... | ... | ... | ... | ... | ... | ... | ... |
| എൻ.സി.ഡി.സി. പ്രാഥമിക സഹകരണ സംഘങ്ങൾ - ഫാർമേഴ്സ് സർവ്വീസ് സെന്റർ | 4 | 3 | 18 | 7 | 10 | 6 | 8 | 3 | ... | ... | 1 | 1 | 1 | 9 |
| ആശുപത്രി സഹകരണ സംഘങ്ങൾ/ധനസഹായം (സംസ്ഥാന പദ്ധതി/എൻ.സി.ഡി.സി. പദ്ധതി) | ... | ... | 1 | ... | 1 | ... | 1 | ... | ... | 2 | 3 | ... | 2 | 2 |
| എൻ.സി.ഡി.സി. ഇൻഫ്രാസ്ട്രക്ചർ ഫസിലിറ്റീസ് | ... | ... | 1 | 2 | 7 | 3 | 1 | 3 | 2 | ... | ... | 1 | 2 | ... |
| അർബൻ ബാങ്ക് ധനസഹായം | | | | | | | | 1 | | | | | | |

പദ്ധതികളെ സംബന്ധിച്ച് വ്യക്തമായ ധാരണ സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തണമെന്നും അർഹതപ്പെട്ട സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്ത് പ്രൊപ്പോസലുകൾ വാങ്ങി സമർപ്പിക്കുന്നതിന് ജില്ലാതലത്തിൽ യോഗം നടത്തി നടപടികൾ കൈകൊള്ളണമെന്നും സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശിച്ചു.

ആർ.ഐ.ഡി.എഫ്., കൊയ്ത്ത്മെതിയന്ത്രം എന്നീ പദ്ധതികളിൽ പ്രൊപ്പോസലുകൾ സമർപ്പിക്കണമെന്ന് കണ്ണൂർ, തൃശ്ശൂർ ജില്ലാ ജോയിന്റ് രജിസ്ട്രാർമാരോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും ടി ജില്ലകളിൽനിന്നും പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ലായെന്ന് അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) അറിയിച്ചു. പ്രൊപ്പോസലുകൾ അർഹതപ്പെട്ട സംഘങ്ങളിൽനിന്നും ഉടൻ ലഭ്യമാക്കി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

പദ്ധതിതുകയുടെ വിനിയോഗം സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുകയാണെന്നും സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും യൂണിറ്റ് ഇൻസ്പെക്ടർമാർ സഹകരണസംഘങ്ങൾ സന്ദർശിച്ച് പദ്ധതി സംബന്ധമായ വിവരങ്ങൾ നൽകേണ്ടതാണെന്നും എല്ലാ സ്കീമുകളിൽ നിന്നും പ്രൊപ്പോസലുകൾ കണ്ടെത്തി സമർപ്പിക്കേണ്ടതാണെന്നും ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകി. സഹകരണ മേഖലയിലെ

പാവപ്പെട്ട കർഷകരെ സഹായിക്കുന്നതിന് പ്ളാൻ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുവാൻ സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും ആത്മാർത്ഥമായി പ്രയത്നിക്കണമെന്നും അതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം അറിയിച്ചു.

## ഡെപ്പോസിറ്റ് മൊബലൈസേഷൻ ക്യാമ്പയിൻ 2012

2012 ഡിസംബർ 1 മുതൽ 31 വരെ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഡെപ്പോസിറ്റ് മൊബലൈസേഷൻ ക്യാമ്പയിൻ വിജയകരമാക്കുവാൻ ജില്ലകൾക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ള ടാർജറ്റ് കൈവരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ജോയിന്റ് രജിസ്ട്രാർമാർക്ക് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം നൽകി.

## ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം നടത്തിപ്പിലെ പുരോഗതി

പുരോഗതി റിപ്പോർട്ട് ഇനിയും സമർപ്പിക്കുവാൻ ബാക്കി നിൽപ്പുള്ള ജില്ലകൾ 30.11..2012–നകം തന്നെ സമർപ്പിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ മാർക്ക് നിർദ്ദേശം നൽകി.

## കൊപ്രാ സംഭരണം

സഹകരണ മേഖലയുടെ കുത്തക ആയിരുന്ന കൊപ്രാസംഭരണം കാലക്രമേണ നഷ്ടമാകുകയാണ് ഉണ്ടായതെന്നും കണക്കുകൾ പരിശോധിച്ചതിൽ സഹകരണ മേഖല വളരെ മോശപ്പെട്ട പ്രകടനമാണ് കാഴ്ചവച്ചിട്ടുള്ളതെന്നും അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) അറിയിച്ചു. ക്വിന്റൽ ഒന്നിന് 500 രൂപ നിരക്കിൽ സർക്കാർ പ്രോൽസാഹനം നൽകിയിട്ടും പുരോഗതി ഒന്നും കാണുന്നില്ലായെന്നും സഹകരണസംഘം രജിസ്ട്രാർ അഭിപ്രായപ്പെട്ടു. പച്ചത്തേങ്ങ സംഭരണം നടത്തുന്നതിലും പ്രത്യേകം ശ്രദ്ധിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

**ഫയൽ തീർപ്പാക്കൽ** പുരോഗതി അവലോകനം നടത്തിയതിൽ ജില്ലകൾ കാര്യമായ പുരോഗതി കൈവരിച്ചതായി കാണുന്നില്ലായെന്നും ഫയൽ തീർപ്പാക്കുന്നതിൽ വളരെ പിന്നോക്കം നിൽക്കുന്ന മലപ്പുറം, എറണാകുളം ജില്ലകൾ, ആയതിനുള്ള കാരണം ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ വിശദമാക്കണമെന്നും സഹകരണസംഘം രജിസ്ട്രാർ ആവശ്യപ്പെട്ടു.

ജില്ലാ സഹകരണ ബാങ്കുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പൊതുയോഗം യഥാസമയംതന്നെ വിളിച്ചുകൂട്ടി ആവശ്യമായ നടപടികൾ

നിയമാനുസരണം സമയബന്ധിതമായി കൈകൊള്ളുന്നതിന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശിച്ചു.

നവംബർ 1 മുതൽ 25 വരെ സംഘടിപ്പിച്ച, സഹകരണ എക്സ്പോ, നവംബർ 13 മുതൽ 16 വരെ നടത്തിയ സഹകരണ കോൺഗ്രസ്സ് എന്നിവ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ പരിശ്രമംമൂലം വിജയകരമായി നടത്തുവാൻ കഴിഞ്ഞുവെന്നും സഹകരണ മേഖലയ്ക്ക് ഉണ്ടായ പുത്തൻ ഉണർവ്വ് തുടർന്നും നിലനിർത്തിക്കൊണ്ട് പോകണമെന്നും ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

സംസ്ഥാന – കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവ് ചെയ്യുന്നതിനും നിക്ഷേപ സമാഹരണത്തിന് നിശ്ചയിച്ചിട്ടുള്ള ടാർജറ്റ് കൈവരിക്കുന്നതിനും നാളികേര–കൊപ്ര സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനും ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം ശക്തിപ്പെടുത്തുന്നതിനും ജില്ലകളിലേയും താലൂക്കുകളിലേയും ആഫീസുകളിലെ ഫയലുകൾ തീർപ്പാക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിനും വകുപ്പ് ഉദ്യോഗസ്ഥർ ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടു.

യോഗം വൈകിട്ട് 5.30–ന് അവസാനിച്ചു

ഒപ്പ്
വി. സനൽകുമാർ ഐ.എ.എസ്.,
സഹകരണസംഘം രജിസ്ട്രാർ

അംഗീകാരത്തോടെ

അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്)

സെക്ഷൻ ഓഫീസർ